LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘടന

94 [548] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ പുനഃസംഘടിപ്പിക്കാത്തതുമൂലം പ്രസ്തുത ബോർഡുകൾ മുഖേനയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് ഇനിയും പുനഃസംഘടിപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവ പുനഃസംഘടിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) (1) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, (2) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, (3) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, (4) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്നിവയാണ് പുനഃസംഘടിപ്പിക്കുവാനുള്ളത്. അവ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലാളി ക്ഷേമ പദ്ധതികൾക്കായുള്ള ബഡ്ജറ്റ് വിഹിതം

95 [549] ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തൊഴിലാളി ക്ഷേമ പദ്ധതികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ തൊഴിലാളി ക്ഷേമ പദ്ധതിക്കും എത്ര തുക വീതം വക കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ഏതെങ്കിലും തൊഴിലാളിക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള തൊഴിലാളി ക്ഷേമ പദ്ധതികൾക്കായി 2004-05-ലെ സംസ്ഥാന ബഡ്ജറ്റിൽ ആകെ 49,56,42,000 രൂപ (നാൽപ്പത്തൊമ്പതു കോടി അമ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തിരണ്ടായിരം) വകയിരുത്തിയിട്ടുണ്ട്.

(ബി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി ആന്റ് ഡി) കടകളിലേയും വാണിജ്യ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്കുള്ള ക്ഷേമനിധി പദ്ധതി നിലവിലുള്ള തൊഴിലാളി ക്ഷേമ ബോർഡുമായി ബന്ധപ്പെടുത്തിയും, കേരള മരം കയറ്റത്തൊഴിലാളി ക്ഷേമപദ്ധതി നിലവിലുള്ള കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുമായും ബന്ധപ്പെടുത്തിയും കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിലുള്ള കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെടുത്തിയും രൂപവൽക്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ക്ഷേമനിധികളിൽനിന്നുള്ള പെൻഷൻ

96 [550] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ 2001 മേയ് മുതൽ 2004 മേയ് വരെ ഓരോന്നിലും അംശാദായമിനത്തിൽ പിരിഞ്ഞു കിട്ടിയ തുക എത്ര; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) ഏതൊക്കെ തൊഴിലാളി ക്ഷേമനിധികളിൽ നിന്നാണ് പെൻഷൻ നൽകി വരുന്നത്;

(സി) പെൻഷൻ നൽകുന്ന ഇനത്തിൽ ഓരോ ക്ഷേമനിധികളുടേയും കുടിശ്ശിക തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly